10 വർഷംകൊണ്ട് ഇതിന്റെ ഇരട്ടിയാകാൻ പോവുകയാണ്. ഇപ്പോഴത്തെ പി.സി.യു. അനുസരിച്ച് റോഡിലൂടെ സഞ്ചരിക്കുമ്പോൾ 40 കി.മീ./മണിക്കൂർ സ്പീഡ് മാത്രമാണ് ഉപയോഗിക്കാൻ സാധിക്കുന്നത്. 10 വർഷം കഴിഞ്ഞാൽ 20 കി. മീ./മണിക്കൂർ ആയി അത് മാറും. അതായത് തിരുവനന്തപുരത്തുനിന്നും എറണാകുളത്ത് എത്താൻ 8 മണിക്കൂർ യാത്ര ചെയ്യേണ്ടിവരും. 20 വർഷം കഴിഞ്ഞാൽ കേരളം ഒരു parking lot ആയി മാറും. വണ്ടികൾക്ക് അങ്ങോട്ടുമിങ്ങോട്ടും പോകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കും. Access control road വേണം എന്ന് പറയുന്നത്, നാഷണൽ ഹൈവേ വികസിപ്പിക്കുകയാണെങ്കിൽ ആ സമയത്ത് 36,731 കെട്ടിടങ്ങളാണ് പൊളിക്കേണ്ടി വരുന്നത്. അത് 1,39,554 ആളുകളെ ബാധിക്കും. 560 പള്ളികളും അമ്പലങ്ങളും ഉൾപ്പെടെ മതപരമായ കെട്ടിടങ്ങൾ ഏറ്റെടുക്കേണ്ടിവരും. 10,438 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ആവശ്യമായി വരും. ആ സ്ഥലത്ത് 1,700-ൽ ചില്വാനം കോടി രൂപ മാത്രമേ നമുക്ക് ലാന്റ് അക്വിസിഷനുവേണ്ടി വരുകയുള്ളൂ. അതുകൊണ്ട് access control road നമ്മുടെ തലമുറയ്ക്കല്ല, ഇപ്പോൾ 10 വയസ്സായ ഒരു തലമുറയ്ക്കുവേണ്ടിയാണ് നമ്മൾ ആലോചിക്കുന്നത്. അതിനെക്കുറിച്ച് കൂടുതൽ അഭിപ്രായം പറയേണ്ടത് ആ തലമുറയാണ് എന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോർജ് ജെ. മാത്യു: നമ്മുടെ എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുവേണ്ടി ചൈനയിൽ പോയാണ് പഠനം നടത്തിയത്. മറ്റു രാജ്യങ്ങളിൽ എത്രയും നല്ല എക്സ്പ്രസ് ഹൈവേ ഉണ്ട് എന്ന യാഥാർത്ഥ്യം എല്ലാവർക്കും അറിയാം. എന്തുകൊണ്ട് ഏറ്റവും നല്ല റോഡുകളുള്ള ജപ്പാനിലും അമേരിക്കയിലും പോയി പഠനം നടത്തിയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോ?

ശ്രീ. എം. കെ. മുനീർ: പഠനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. എങ്കിലും നാം പരിശോധിച്ചു വരുമ്പോൾ, നമ്മുടെ കേരളത്തിന് അനുയോജ്യമായി ഏറ്റവും അടുത്ത് നിൽക്കുന്നത് ചൈനീസ് മോഡൽ തന്നെയായതുകൊണ്ടാണ് ചൈനീസ് മോഡലിന് കൂടുതൽ പ്രാധാന്യം നൽകിയത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗവൺമെന്റ് ആഭിമുഖ്യത്തിൽ തുടങ്ങാൻ ഉദ്ദേശിച്ച പ്ലസ്ടു കോഴ്സുകൾ

*3 [123] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ജെ. ജോയി:
,, സി. പി. മുഹമ്മദ്:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പുതുതായി ഗവൺമെന്റ് സ്കൂളുകൾ ആരംഭിക്കുന്നതിനോ അപ്ഗ്രേഡ് ചെയ്യുന്നതിനോ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും അപേക്ഷ ക്ഷണിക്കുകയും ചെയ്യേണ്ടതുണ്ടോ;

(ബി) 140 പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഈ കോഴ്സുകളിൽ എത്രയെണ്ണം ഗവൺമെന്റ് ആഭിമുഖ്യത്തിൽ തുടങ്ങാനാണ് ഉദ്ദേശിച്ചത്;

(ഡി) ഗവൺമെന്റ് ആഭിമുഖ്യത്തിൽ തുടങ്ങുവാൻ ഉദ്ദേശിച്ച കോഴ്സുകളെങ്കിലും ആരംഭിക്കാൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ചെയ്യേണ്ടതുണ്ട്.

(ബി, സി) ഇല്ല. 120 ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ്ടു തുടങ്ങുന്നതിനാണ് തീരുമാനിച്ചത്. പുതിയ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിന് എതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചതുകൊണ്ട് ഈ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞില്ല.

(ഡി) പുതിയ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിന് എതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് പിൻവലിക്കാതെ ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാദ്ധ്യമല്ല.

പത്താം ക്ലാസ്സിലെ പൊതു പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം

*4 [124] ശ്രീ. മത്തായി ചാക്കോ:
„ എം. വി. ജയരാജൻ:
„ കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സിലെ പൊതു പരീക്ഷയ്ക്ക് ഗ്രേഡിംഗ് രീതി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഗ്രേഡിംഗ് രീതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതു വർഷം മുതലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനാവശ്യമായ അദ്ധ്യാപക പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഗ്രേഡിംഗ് രീതി വിജയകരമാക്കുന്നതിന് ആവശ്യമായ ജനകീയ അവബോധ വൽക്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly